# റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

മലപ്പുറം ജില്ല, രജി. നമ്പർ: 292/2010

## വാർത്താ പത്രിക

ലക്കം 2 | അംഗങ്ങൾക്ക് ഇടയിൽ വിതരണത്തിന് മാത്രം | ഡിസംബർ 2017


## പുതുവത്സര ആഘോഷം

പ്രിയ സുഹൃത്തുക്കളെ,

ആദ്യമായിത്തന്നെ താങ്കൾക്കും കുടുംബത്തിനും ഐശ്വര്യ സമ്പൂർണ്ണമായ പുതുവത്സരം ആശംസിക്കുന്നു.

ഈ വർഷം നമ്മുടെ സംഘടന വളരെ വിപുലമായിത്തന്നെ നവവത്സരം ആഘോഷിക്കാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. താഴെ പറയും പ്രകാരമാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. 2018 ജനുവരി 1 തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ മലപ്പുറം പ്രശാന്ത് ഹോട്ടലിൽ വെച്ച് നടക്കുന്നതാണ്.

ഓണം-ബക്രീദ്-കുടുംബസംഗമം ആഘോഷങ്ങളിൽ എന്നപോലെ വിവിധ കലാപരിപാടികളോടെ ആയിരിക്കും നവവത്സര ആഘോഷവും. അന്നേ ദിവസം വരുന്നവർക്ക് റിട്ടയേർഡ് റവന്യൂ കൂട്ടായ്മയുടെ വക നവവത്സര ഉപഹാരം ഉണ്ടായിരിക്കും.

23-10-2017 ന് പെരിന്തൽമണ്ണയിൽ വെച്ച് ചേർന്ന ജില്ലാ കമ്മിറ്റിയിൽ വെച്ച് എല്ലാ മെമ്പർമാരുടേയും 2014-15 വരെയുള്ള കുടിശ്ശിക റദ്ദാക്കാനും 2016-17, 2017-18 കാലയളവിലെ വരിസംഖ്യ ഈടാക്കുവാനും തീരുമാനിക്കുകയുണ്ടായി. അതിനാൽ കുടിശ്ശിക ഉള്ള അംഗങ്ങൾ ഈ സുവർണ്ണാവസരം ഉപയോഗപ്പെടുത്തി, മെമ്പർഷിപ്പ് പുതുക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

ഒരു കൂട്ടായ്മ എന്നനിലക്കും ഒരു സൗഹാർദ്ദ സംഘടന എന്ന നിലക്കും നമ്മുടെ സംഘടനക്ക് "ആഘോഷങ്ങൾ" അനിവാര്യമാണ്. സായാഹ്ന കാലത്തെ ഏകാന്തതയിൽ ഉല്ലസിക്കാനും, മാനസിക ഉന്മേഷത്തിനും ഏറ്റവും പ്രയോജനപ്പെടുന്ന ഈ നവവത്സര ആഘോഷത്തിൽ താങ്കൾ കൃത്യസമയത്ത് തന്നെ പങ്കെടുക്കണമെന്ന് സാദരം ക്ഷണിച്ചുകൊള്ളുന്നു.

**പി. പി. എം. അഷ്റഫ്**
*പ്രസിഡണ്ട്*

**പി. സത്യകുമാരൻ നായർ**
*ജനറൽ സെക്രട്ടറി*

**പി. ടി. തങ്കപ്പൻ**
ഖജാൻജി

## വിനോദയാത്ര 2018

**കെ. ബാലകൃഷ്ണൻ, കൺവീനർ**



റിട്ടയേർഡ് റവന്യൂ കൂട്ടായ്മയുടെ നേതൃത്വത്തിൽ വർഷംതോറും നടത്തിവരാറുള്ള വിനോദയാത്ര ഈ വർഷം 2018 ജനുവരി 6, 7 തിയ്യതികളിൽ കൂർഗിലേക്ക് പോകുവാൻ തീരുമാനിച്ച വിവരം എല്ലാ മെമ്പർമാരെയും അറിയിച്ചുകൊള്ളുന്നു.

പോയവർഷങ്ങളിൽ ഇടുക്കി, മൂന്നാർ, വയനാട്, ഹൈദരാബാദ്, കന്യാകുമാരി, ആലപ്പുഴ ഹൗസ് ബോട്ട് യാത്ര എന്നിവ നമ്മൾ നടത്തി. ഈ യാത്രകൾ വളരെ വിജയപ്രദമായിരുന്നു.

### ഈ വർഷത്തെ യാത്രാ വിവരണം

2018 ജനുവരി 6-ാം തിയ്യതി കാലത്ത് 6.30ന് മലപ്പുറത്തു നിന്ന് പുറപ്പെട്ട് മഞ്ചേരി, കൊണ്ടോട്ടി, രാമനാട്ടുകര, കോഴിക്കോട്, തലശ്ശേരി, മാക്കൂട്ടം ചുരം, വീരാജ്പേട്ട വഴി ഉച്ചക്ക് ശേഷം കൂർഗ്ഗിൽ എത്തിച്ചേരുന്നതാണ്. പോകുന്നവഴി മടിക്കേരി കോട്ട സന്ദർശിക്കും. ഈ കോട്ട ടിപ്പുവിന്റെ കാലത്ത് പുതുക്കിപ്പണിതതാണ്. കുടക് രാജാക്കൻമാർ വിശ്രമത്തിന് എത്തിയിരുന്ന രാജാസീറ്റ്, വ്യൂ പോയന്റ് ഓംകാരേശ്വരക്ഷേത്രം എന്നിവ ഇവിടെ കാണാൻ കഴിയുന്നതാണ്. ഇവിടെ നിന്നും 5 കി.മി. പോയാൽ ഗോത്ര വർഗ്ഗക്കാർ മാത്രം താമസിക്കുന്ന മാൾധാരി എന്നൊരു ഗ്രാമമുണ്ട്. 12 കി.മി. അപ്പുറം ദുബാര ആനക്യാമ്പ്. മെയിൻ റോഡിൽ നിന്നും ഒരു കിലോമീറ്റർ അകലെയാണ് ആനക്യാമ്പ്. പോകുന്ന വഴിയിൽ ടിപ്പുവിന്റെ പടയോട്ട കാലത്ത് തകർന്ന വീരഭദ്രക്ഷേത്രം ഉണ്ട്. ക്യാമ്പിന്റെ ഒരുഭാഗത്ത് ആനയുടെ പൊക്കത്തിൽ കെട്ടിപ്പൊക്കിയ കൂടാരത്തിനുമുകളിൽ കയറി ആനപ്പുറത്ത് കയറാം. ഒരു ട്രിപ്പിൽ 4 പേർക്ക് ആനപ്പുറത്ത് സഞ്ചരിക്കാം. കൂർഗ്ഗിലെ കാലാവസ്ഥ തന്നെയാണ് ഇവിടേയും. ഈ വിനോദയാത്രയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് എല്ലാ മെമ്പർമാരോടും അഭ്യർത്ഥിക്കുന്നു.

**പാക്കേജ് കോസ്റ്റ് 4500 രൂപ**

# ബക്രീദ് – ഓണം – കുടുംബസംഗമം ഒരെത്തിനോട്ടം

എൻ.ബി.എ.ഹമീദ്
പി.ആർ.ഒ.

*അത്തംപത്തിന് പൊന്നോണം; ദുൽഹജജ് പത്തിന് പെരുന്നാള്; ആ പെരുന്നാൾദിനം തന്നെ എട്ടു നോമ്പ് ആരംഭം, എല്ലാം ഒന്നിച്ചൊന്നിച്ച്!*



എന്തൊരു മതസൗഹാർദ്ദത്തിന്റെ അപൂർവ്വമായ സംഗമം ഈ 2017 വർഷം അല്ലെ!

ആ പ്രത്യേകതകൾ കൊണ്ടാക്കെ തന്നെയാണല്ലോ ഈ വർഷം ബക്രീദ് -ഓണം-കുടുംബസംഗമം കൊട്ടിഘോഷിക്കാൻ നമ്മുടെ റിട്ടയേർഡ് റവന്യൂ കൂട്ടായ്മ തീരുമാനിച്ചത്.

അതിന് തെരഞ്ഞെടുത്തതാകട്ടെ യൂണിവേഴ്സിറ്റിക്ക് സമീപം കോഹിനൂരിൽ പുറത്തെ കോലാഹലങ്ങൾ ഒന്നും ഏൽക്കാത്ത ശാന്തമായ ലീ-കാഞ്ചീസ് ഓഡിറ്റോറിയം.

തറ നിരപ്പിൽ നിന്നും വളഞ്ഞു പുളഞ്ഞ രണ്ടു ഗോവണി കയറിവേണം ആഘോഷവേദിയിലെത്താൻ എന്നുള്ളത് വയസ്സൻ സംഘടനയായ നമ്മുടെ അംഗങ്ങൾക്ക് ബുദ്ധിമുട്ടാകുമോ എന്ന ആശങ്ക ഇല്ലാതിരുന്നില്ല.

PSC ടെസ്റ്റ് എഴുതി ജോലിയിൽ പ്രവേശിച്ച്പിരിഞ്ഞ നമ്മിൽ പലരും ഇപ്പോഴും PSC ടെസ്റ്റിന് നടക്കുന്നവരാണ്. (Pressure, Sugar, Cholesterol) എന്നിരുന്നാൽ തന്നെയും ഒരു ഒത്തുചേരലിന്റെ ആവേശത്തിൽ ആ കോണിപ്പടികൾ ഒക്കെ 'കാല്ക്ക് മെത്തെ' ആയിട്ടാണ് തോന്നിയത്.

സംഘടനാ നോട്ടീസിൽ നടപടികൾ തുടങ്ങുന്നത് രാവിലെ 10 മണിക്കും, യോഗ നടപടികൾ തുടങ്ങുന്നത് 11 മണിക്കും. അതെന്തിനാ വെറുതെ ഒരു മണിക്കൂർ ഒഴിവ് എന്ന് ചിലർക്കെങ്കിലും തോന്നിയിട്ടുണ്ടാവാം. മാസങ്ങൾക്കോ കൊല്ലങ്ങൾക്കോ ശേഷം കണ്ടുമുട്ടുന്നവരുടെ കൂടിച്ചേരലുകൾ, കൈകൊടുക്കൽ, കെട്ടിപ്പിടിക്കൽ.... അങ്ങിനെയങ്ങിനെ ഓർമ്മ പുതുക്കൽ. അതിനൊക്കെതന്നെയായിരുന്നല്ലോ ആ ഒരു മണിക്കൂർ മാറ്റി വെച്ചത്. അല്ലെങ്കിലും നമ്മുടെ കൂട്ടായ്മയുടെ പരമപ്രധാനലക്ഷ്യം ഇത്തരം ഒത്തുചേരൽ തന്നെ ആണല്ലോ.

യോഗം ആരംഭിക്കുന്നതായി കൃത്യം 11 മണിക്ക് അറിയിപ്പ് വന്നെങ്കിലും പഴയ കൂട്ടുകാരുടെ അയവിറക്കൽ മുക്കിലും മൂലയിലും യഥേഷ്ടം നടക്കുകയായിരുന്നു.

മുൻവരി കസേരകളിൽ ഇരുപ്പുറപ്പിച്ചവരാകട്ടെ തലമൂത്ത കാരണവൻമാരായ സർവ്വശ്രീ. എം.ഗോപാലൻ നായർ, വി.പി.ബാവ, ഇ. വേലായുധൻകുട്ടിപ്പണിക്കർ, എം.ബാലകൃഷ്ണ കുറുപ്പ്, കെ. നാരായണൻകുട്ടി, ഐ. മുഹമ്മദ്..........

എ.ഐ.ആർ. ആർട്ടിസ്റ്റ് ശ്രീമതി ഗീതാഞ്ജലി മുരളികുമാറിന്റെ പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ച യോഗ നടപടികൾ സ്വാഗതം, അദ്ധ്യക്ഷപ്രസംഗം, റിട്ടയേർഡ് ഡെപ്യൂട്ടി കളക്ടർ ശ്രീമതി രമാദേവിയുടെ ഉദ്ഘാടനം, വിശദീകരണം, നന്ദിപ്രകാശനം എന്നിവക്കെല്ലാം കൂടി എടുത്തതാകട്ടെ വെറും 20 മിനുട്ട്! പ്രസംഗം കേൾക്കാനല്ല പരിപാടികൾ കാണാനും, അവതരിപ്പിക്കുന്നതിനും, ആസ്വദിക്കാനുമാണല്ലോ എല്ലാവരും എത്തിയിരുന്നത്.

തുടർന്ന് വേദി കലാപരിപാടികൾക്കായി വിട്ടുനൽകി.

വനിതകൾക്കുമാത്രമായി നടത്തിയ 'മ്യൂസിക്കൽ ചെയർ' ആയിരുന്നു ആദ്യ മത്സരം. മൂന്നുതലമുറകളുടെ സാന്നിധ്യവുമായി രമണിയും കൊച്ചുമകൾ ലേഖയും ഉത്സാഹപൂർവ്വം മത്സരിച്ചു. ബാവ സാഹിബിന്റെ 'ബാവ താത്ത' തലയിൽ തട്ടവും മുറുകെ കെട്ടി ഉഷാറോടെ പങ്കാളിയായി. ഈ ഇനത്തിൽ നിന്നും താത്ത പുറത്തായപ്പോൾ കളിയാക്കൽ കയ്യടിയിൽ . മുൻപന്തിയിൽ സ്വന്തം പുത്രൻ തന്നെയായിരുന്നു. സരസ്വതി അമ്മ, വിലാസിനി വാരസ്യാർ, കാർത്ത്യായനി, ലക്ഷ്മിക്കുട്ടി, രാധാമണി, വിനോദിനി, ശാന്തകുമാരി, ഇന്ദിര........ അങ്ങിനെ അങ്ങിനെ റിട്ടയേർഡ് വനിതകളും പുറമെ അതിഥികളായി എത്തിയ ഒരുപറ്റം വീട്ടമ്മമാരും, കുട്ടികളും അടക്കം മത്സരാർത്ഥികൾ പത്തൊമ്പത്. വാശിയേറിയ മത്സരത്തിൽ വിജയിച്ചതാകട്ടെ പേരുപോലെതന്നെ വിജയലക്ഷ്മിയും.



വായിൽ വെള്ളികരണ്ടിയുമായി ജനിച്ചവരല്ലെങ്കിലും 'ലെമൺ സ്പൂൺ' മത്സരത്തിന് പ്ലാസ്റ്റിക് സ്പൂൺ വായിൽ വെച്ചപ്പോൾ ആവേശം മൂത്തു.

'സുന്ദരിക്ക് പൊട്ടുതൊടൽ' മത്സരത്തിന് നൽകിയത് സുന്ദരിയായ മഞ്ജുവാര്യരുടെ വലിയ ഒരുപടം. ദൂരെ നിർത്തി കറുത്ത തുണി കൊണ്ട് കണ്ണ് മൂടിക്കെട്ടി കറക്കിപൊട്ടുതൊടാൻ വിട്ടപ്പോൾ 'കുരുടൻമാരുടെ' ട്രാഫിക് തെറ്റിയുള്ള വഴിയും നടത്തവും കാണികൾക്ക് ആവേഷം പകർന്നു. പൊട്ടുകൾ തൊട്ടതാകട്ടെ കണ്ണിലും, മൂക്കിലും, ചുണ്ടിലും, ചെവിയിലും; എന്തിനേറെ മുടിയിലും! ആർത്തു ചിരിക്കാൻ വേറെഎന്തുവേണം!

പിന്നീട് നടന്ന 'ബെസ്റ്റ് കപ്പിൾ' മത്സരത്തിൽ പ്രേംരാജ് ദമ്പതികൾ സമ്മാനം നേടി. തിരുവോണ-ബക്രീദ് ക്വിസ്സ് എന്നിവയും ഹരം പകരുന്നവയായിരുന്നു. പി.ടി. തങ്കപ്പന്റെ തിരുവോണദിന സന്ദേശവും, വി.പി.ബാവയുടെ ബക്രീദ് ദിനസന്ദേശവും അല്പനേരം വേദിയെ ഭക്തിസാന്ദ്രമാക്കി.

കലാപരിപാടികളുടെ ചുമതലക്കാരനായ രാവുണ്ണിക്കുട്ടി നായർക്കു പുറമെ മത്സരങ്ങളുടെ ചുക്കാൻപിടിക്കാൻ സുബൈർ, രവീന്ദ്രൻ, വേലായുധൻ, രാമചന്ദ്രൻ, ഗോപാലകൃഷ്ണൻ, മുകുന്ദൻ, ഗംഗാധരൻ, അബൂബക്കർ, മോഹനൻ...... എല്ലാവരും ഓടിനടന്നു. ഒപ്പം ഈ ലേഖകനും.

വേദികൊഴുപ്പിക്കുവാൻ പ്രൊഫഷണൽ ഗായകരായ ഗീതാഞ്ജലി, അബ്ദുൽ സലീം എന്നിവർക്കുപുറമെ കൂട്ടായ്മ അംഗങ്ങളായ വി.പി. ഗോപാലൻ, കെ.സി. സുബ്രഹ്മണ്യൻ, ഇന്ദിര, പി.ജി. സ്റ്റാൻലി എന്നിവരും മൈക്ക് കയ്യിലെടുത്തു.

കൃത്യം 12.30-ന് തന്നെ സമാപന സമ്മേളനം തുടങ്ങി.



കാലിക്കറ്റ് യുണിവേഴ്സിറ്റി കോമേഴ്സ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ് വകുപ്പ് മേധാവി പ്രൊഫ. ഇ.കെ. സതീശൻ ഉദ്ഘാടനം ചെയ്തു. വേദിയിൽ പ്രസിഡണ്ട് പി.പി.എം.അഷ്റഫ്, സെക്രട്ടറി പി.സത്യകുമാരൻ നായർ, ട്രഷറർ പി.ടി. തങ്കപ്പൻ, കെ.നാരായണൻകുട്ടി തുടങ്ങിയവർ.

സേവനമഹിമക്ക് അംഗീകാരമായി തിരൂരങ്ങാടിയിൽ നിന്നുള്ള ശ്രീ. എം.അബൂബക്കർ, പള്ളിക്കലിൽ നിന്നുള്ള ശ്രീ. എം. ബാലകൃഷ്ണ കുറുപ്പ് എന്നിവർക്ക് ബെസ്റ്റ് അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. വിവിധ മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനദാനചടങ്ങ് കയ്യടികൊണ്ട് മുഖരിതമായിരുന്നു.

ഇത്രയും സമയം മത്സരവേദിയായിരുന്ന സ്ഥലം ഉടൻ തീൻമേശയൊരുക്കി ഭക്ഷണത്തിന് സജ്ജമാക്കി. നാക്കിലയിൽ വിഭവസമൃദ്ധമായ ലീ-കാഞ്ചീസ് രുചിയിൽ ഓണസദ്യ. വീട്ടിൽ നിന്നും മധുരം കിട്ടാത്ത 'പഞ്ചാര രോഗികൾ' ഭാര്യമാരുടെ കണ്ണുവെട്ടിച്ച് കുനിഞ്ഞിരുന്ന് രണ്ടും മൂന്നും ഗ്ലാസ് പായസം അടിച്ചുകയറ്റുന്നത് രസമുള്ള കാഴ്ചയായിരുന്നു.

സമയം രണ്ടരയോടടുത്തു. വേദിയിലെ പകൽ വിളക്കുകൾ ഓരോന്നോരോന്നായി അണഞ്ഞുതുടങ്ങി.

മഹാ-ബലി-പെരുന്നാൾ ആഘോഷങ്ങളുടെ തിരശ്ശീല താഴുകയാണ്.

ഒറ്റക്കും കൂട്ടായും ഓരോരുത്തരും ലീ-കാഞ്ചീസിന്റെ കോണിപ്പടികൾ മടിച്ചുമടിച്ച് ഇറങ്ങാൻ തുടങ്ങി. അപ്പോൾ പലരും പരസ്പരം ചോദിക്കുന്നുണ്ടായിരുന്നു:

*"ഇനിയും ഇത്തരത്തിലുള്ള കൂടിച്ചേരൽ എന്നാണെന്നാണെന്നാണ്......?"*



# WhatsApp ഉപയോഗത്തെപ്പറ്റി ചിലത്



**പി.ടി.തങ്കപ്പൻ**
ട്രഷറർ

റിട്ടയേർഡ് റവന്യൂ കൂട്ടായ്മയുടെ ഭരണഘടന സെക്ഷൻ 19 പ്രകാരം കൂട്ടായ്മയുടെ നോട്ടീസ്, മറ്റു അറിയിപ്പുകൾ എന്നിവക്ക് വ്യക്തിഗത നോട്ടീസ്, പരസ്യ നോട്ടീസ്, നോട്ടീസ് ബുക്കിൽ ഒപ്പ് വെക്കൽ മുതലായ ഏതെങ്കിലും ഉചിതമായ മാർഗം സ്വീകരിക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കൂട്ടായ്മയുടെ അറിയിപ്പുകൾ തപാൽ മാർഗം അയക്കുന്നത് ചെലവേറിയതും കാലതാമസം വരുന്നതുമാണ്. അതിന് ഒരു പരിഹാരമെന്ന നിലയ്ക്കാണ് പുതിയ ടെക്നോളജിയെപ്പറ്റി ആലോചിച്ചത്. അങ്ങനെയാണ് വാട്സാപ്പ് മുഖേന അറിയിപ്പുകൾ അയക്കാൻ തീരുമാനിച്ചത്. വാട്സാപ്പ് മുഖേന അറിയിപ്പുകൾ വേഗത്തിലും ചെലവ് കൂടാതെയും അയക്കാൻ സാധിക്കുമെന്നതിനാലാണ് വാട്സാപ്പിൽ ***'ആർ.ആർ.കെ. വെൽഫെയർ ഗ്രൂപ്പ്'*** രൂപീകരിച്ചത്. കൂട്ടായ്മയുടെ ഇപ്പോഴത്തെ അംഗസംഖ്യ 530 ആണ്. ഇതിൽ വാട്സാപ്പ് കണക്ഷൻ ഉള്ള 130 അംഗങ്ങൾ ***ആർ. ആർ. കെ. വെൽഫെയർ ഗ്രൂപ്പിൽ*** ചേർന്നിട്ടുണ്ട്.

റിട്ടയേർഡ് റവന്യൂ കൂട്ടായ്മ റവന്യൂ വകുപ്പിൽ നിന്നു വിരമിച്ച ജീവനക്കാരുടെ ഒരു സൗഹൃദ സംഘടനയാണ്. കൂട്ടായ്മയുടെ ഭരണഘടനപ്രകാരം ജാതി, മത, കക്ഷി രാഷ്ട്രീയ ചിന്തകൾക്കതീതമായി കൂട്ടായ്മയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയെന്നതാണ്. ആയതിനാൽ ആർ.ആർ.കെ. വെൽഫെയർ ഗ്രൂപ്പിൽ ജാതി, മത, കക്ഷി രാഷ്ട്രീയപരമായ പോസ്റ്റിംഗുകൾ ഒഴിവാക്കണമെന്ന് അംഗങ്ങളോട് ആവർത്തിച്ചാവർത്തിച്ച് നിർദ്ദേശിച്ചിട്ടും ഏതാനും അംഗങ്ങൾ നിർദ്ദേശം ലംഘിച്ച് മതപരമായും രാഷ്ട്രീയപരമായും, കേന്ദ്ര-കേരള സർക്കാർ തീരുമാനങ്ങളെ വിമർശിച്ചും പോസ്റ്റിംഗുകൾ നടത്തുന്നത് അംഗങ്ങളിൽ നിന്ന് പ്രതിഷേധം ഉണ്ടാക്കിയിട്ടുണ്ട്. ദൃശ്യ, വാർത്താമാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടുകളും ഫോട്ടോയും ഈ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നത് വിലക്കിയിട്ടുള്ളതാണ്.

കൂട്ടായ്മയുമായി യാതൊരു ബന്ധവുമില്ലാത്ത വിഷയങ്ങളെ പറ്റിയും വളരെ ദീർഘമായ പോസ്റ്റിംഗുകളും ഒഴിവാക്കണമെന്നു നിർദ്ദേശിച്ചിട്ടും അംഗങ്ങൾ ആയത് പാലിച്ചു കാണുന്നില്ല. വാട്സാപ്പിൽ വരുന്ന റിപ്പോർട്ടുകളുടേയും ഫോട്ടോകളുടേയും പരിപൂർണ്ണ ഉത്തരവാദിത്തം ഗ്രൂപ്പ് അഡ്മിനാണ്. അഡ്മിൻ നിർദ്ദേശം പാലിക്കാത്ത അംഗങ്ങളെ ഈ ഗ്രൂപ്പിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് ജില്ലാ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ എല്ലാ അംഗങ്ങളും അഡ്മിൻ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ് എന്ന് ഒരിക്കൽകൂടി ഓർമിപ്പിക്കുന്നു.

റിട്ടയേർഡ് റവന്യൂ കൂട്ടായ്മ

## അടുത്ത് വരുന്ന പരിപാടികൾ

**01-01-2018**

## നവവത്സര ആഘോഷം

**സ്ഥലം : പ്രശാന്ത് ഹോട്ടൽ, മലപ്പുറം**
**സമയം : രാവിലെ 9.30 മുതൽ ഉച്ചക്ക് 1.30 വരെ**

**06 & 07 ജനുവരി 2018 R.R.K Picnic**

## കുടകിലേക്ക് വിനോദയാത്ര


രാവിലെ 6.30ന് മലപ്പുറത്ത് നിന്നും പുറപ്പെടുന്നു

**website: www.rrkmpm.com**


## OBITUARY



**RAVEENDRAN T.P.**
Retd. RDO, Ayikkarappadi
(31-08-2017)



**UNNIKRISHNAN A.K.**
Retd. Tahsildar, Malappuram
(06-09-2017)



**VASUDEVAN NAIR M.V.**
Retd. Dy.Collector, Malappuram
(06-09-2017)

# Valuation - A profession for Pensioners



*പി. രാവുണ്ണിക്കുട്ടി നായർ*

ജീവിതത്തിലെ നല്ലൊരു പങ്കും നമ്മൾ ഔദ്യോഗിക പദവികളിൽ ചെലവഴിച്ചവരാണ്. ആ കാലഘട്ടങ്ങളിൽ രാവിലെ എഴുന്നേൽക്കുക, കുളിക്കുക, നല്ലവസ്ത്രം ധരിക്കുക, ഓഫീസിലേക്ക് പോവുക, വൈകുന്നേരം വരെ ഓഫീസിൽ ചെലഴിക്കുക, സായാഹ്നത്തിൽ തിരിച്ചുവരിക, ധാരാളം വ്യക്തിത്വങ്ങളുമായി ഇടപഴകുക എന്നീ നിലയിൽ ജീവിതം ക്രമീകരിച്ചവർ, ഒരു സായാഹ്നത്തിൽ അടുത്തൂൺപ്പറ്റി പിരിയുന്നതോടുകൂടി അലസരായി വീട്ടിൽ ഇരുന്നാൽ വാർദ്ധക്യവും, ജരാനരയും, രോഗങ്ങളും വന്നു ചേരുന്നതാണ്. അതിനാൽ പെൻഷൻ പറ്റിയ ശേഷവും എന്തെങ്കിലും ജോലിയിൽ വ്യാപൃതരായിരിക്കേണ്ടതാണ്. ഇത് സാമ്പത്തിക ലാഭം മാത്രമല്ല, മാനസികമായും ശാരീരികമായും ഉൻമേഷത്തിന് ആവശ്യമാണ്. റവന്യൂ പൈതൃകത്തിൽ നിന്നും പെൻഷൻ പറ്റിയവർക്ക് ഏറ്റവും നല്ല ഒരു പ്രൊഫഷൻ ആയി വാല്യുവർ ആകാവുന്നതാണ്. ഇക്കാര്യത്തിന് ആദ്യമായി ചെയ്യേണ്ടത് Wealth Tax Act & Rules 1957 പ്രകാരം പേര് രജിസ്റ്റർ ചെയ്യുകയാണ്. ഇതിനു ആവശ്യമായ ആകെ യോഗ്യത റവന്യൂ ഡിപ്പാർട്ട്മെന്റിൽ 5 (അഞ്ച്) വർഷത്തിൽ കുറയാതെ ഗസറ്റഡ് തസ്തികയിൽ സർവ്വീസ് ചെയ്തിരിക്കണം എന്നത് മാത്രമാണ്. പ്രായപരിധിയില്ല.

പ്രസ്തുത യോഗ്യത ഉള്ളവർ ചീഫ് കമ്മീഷണർ ഓഫ് ഇൻകം ടാക്സ്, (CCIT) കൊച്ചി എന്നവർക്ക് നിശ്ചിത ഫോറത്തിൽ നിശ്ചിത ഫീസിന്റെ ഡി.ഡി. സഹിതം അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ജില്ലാ കലക്ടറിൽ നിന്നും സർവ്വീസ് സർട്ടിഫിക്കറ്റും ഹാജരാക്കാണം. പ്രസ്തുത അപേക്ഷ CCIT പരിശോധിച്ച ശേഷം ഇന്റർവ്യൂവിന് വിളിക്കുന്നതാണ്. ഇന്റർവ്യൂ കഴിഞ്ഞാൽ രജിസ്റ്റേർഡ് വാല്യുവർ ആയി ഉത്തരവ് നൽകുന്നതാണ്. ഇതിനു ശേഷം, വിവിധ ബേങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലും വാല്യുവർ ആയി ജോലി ചെയ്യാം. ബാങ്കിൽ ജോലി ചെയ്യണമെങ്കിൽ അവരുടെ പാനലിൽ ഉൾപ്പെടുത്തണം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് അവരുടെ തിരുവനന്തപുരത്തുള്ള ലോക്കൽ ഹെഡ് ഓഫീസിലും ബാക്കിയുള്ള ബേങ്കുകളിൽ താമസസ്ഥലത്തിന്റെ തൊട്ടടുത്തുള്ള ബ്രാഞ്ചിലുമാണ് അപേക്ഷ നൽകേണ്ടത്. ഓരോ ബാങ്കിനും അവരുടേതായ പ്രഫോർമ ഉണ്ട്. ഈ പ്രഫോർമയിലാണ് റിപ്പോർട്ട് കൊടുക്കേണ്ടത്. വാല്യുവേഷൻ ഫീസും വ്യത്യസ്ഥ നിരക്കിലാണ്. S.B.I യുടെ ഇപ്പോഴത്തെ ഫീസ് ഒരു റിപ്പോർട്ടിന് മിനിമം 2000 രൂപയും മാക്സിമം 10000 രൂപയുമാണ്. തീർച്ചയായും ഇതൊരു വരുമാനമാർഗ്ഗവും കൂടിയാണ്.

Regd. Valuer under Wealth Tax Act
Reg. No 11/T5/Vol.1/2004-05
Fellow of Institute of Valuers
Reg No. F 26620

## ഒഴിവുകൾ ഉണ്ട്

ബാങ്ക് ഓഫ് ഇന്ത്യയിൽ വാല്യുവർ ആയി ഒഴിവുകൾ ഉള്ളതായി എ.ജി.എം. അറിയിച്ചിരിക്കുന്നു. താൽപര്യമുള്ളവർക്ക് അപേക്ഷ അയക്കാവുന്നതാണ്.

CCITക്ക് അയക്കേണ്ട മാതൃക ഫോറവും ഡിഡി എടുക്കേണ്ട വിവരങ്ങളും അടുത്ത ലക്കത്തിൽ

